## പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 944** **20/03/2012 ൽ മറുപടിക്ക്**

## രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം രണ്ടാം ഘട്ടമായി 2010-11 വർഷം എത്ര ഹൈസ്ക്കൂളുകൾ ആരംഭിക്കുന്നതിനാണ് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുള്ളത് ; വിശദാംശങ്ങൾ അറിയിക്കാമോ ; | എ) | ആർ.എം.എസ്.എ പദ്ധതി പ്രകാരം 2010-11 വർഷം 36 സ്കൂളുകളെയാണ് ഹൈസ്കൂളുകളാക്കാൻ കേന്ദ്ര സർക്കാരിൽ നിന്ന് അനുവാദം ലഭിച്ചിട്ടുള്ളത്. പ്രസ്തുത സ്കൂളുകളുടെ ജില്ല തിരിച്ചുള്ള വിവരവും ലിസ്റ്റും അനുബന്ധമായി ചേർക്കുന്നു. |
| ബി) ഇത്തരത്തിൽ അനുവദിക്കപ്പെട്ട സ്കൂളുകൾ തുടങ്ങാൻ സാധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വിശദമാക്കാമോ ;<br><br>സി) തടസ്സങ്ങൾ നീക്കി അനുവദിക്കപ്പെട്ട സ്കൂളുകൾ എന്നത്തേക്ക് തുടങ്ങാനാവും എന്ന് അറിയിക്കാമോ ; | ബി)യും<br><br>സി)യും | സ്കൂളുകൾ തുടങ്ങാൻ സാധിച്ചിട്ടില്ല. കേന്ദ്ര സർക്കാരിൽ നിന്ന് 36 സ്കൂളുകൾ ഹൈസ്കൂളുകളാക്കുവാൻ അംഗീകാരം ലഭിച്ചെങ്കിലും അഞ്ച് അദ്ധ്യാപകർ, ഒരു ഹെഡ്മാസ്റ്റർ, ഒരു ക്ലർക്ക്, ഒരു ലാബ് അറ്റന്റന്റ് എന്നീ തസ്തികകൾക്കുള്ള ശമ്പളം മാത്രമേ കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുകയുള്ളൂ. ഇംഗ്ലീഷ്, ഹിന്ദി, അറബിക്/ സംസ്കൃതം എന്നീ ഭാഷാ അദ്ധ്യാപകരെയും പ്യൂൺ, സ്വീപ്പർ എന്നീ തസ്തികകളിലും നിയമനം നടത്തുകയാണെങ്കിൽ പ്രസ്തുത തസ്തികകൾക്കുള്ള ശമ്പളം സംസ്ഥാന സർക്കാർ വഹിക്കേണ്ടതായി വരും. കൂടാതെ സ്കൂൾ തുടങ്ങുന്നതിന് സംസ്ഥാന സർക്കാരിന്റെ അനുവാദവും നൽകേണ്ടതുണ്ട്. ഇക്കാര്യം സർക്കാരിന്റെ പരിശോധനയിലാണ്. |

| | |
|---|---|
| ഡി) ഇതിൽ കാസർഗോഡ് ജില്ല യിലെ കുറ്റിക്കോൽ എന്ന സ്ഥലത്ത് പ്രത്യേകമായി അനുവദിച്ച ഹൈസ്ക്കൂൾ എപ്രകാരം തുടങ്ങാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ? | ഡി) ആർ.എം.എസ്.എ. പദ്ധതി പ്രകാരം 9, 10 ക്ലാസ്സുകൾ മാത്രമാണ് ഉൾപ്പെടുന്നത്. കുറ്റിക്കോൽ എന്ന സ്ഥലത്ത് എട്ടാം ക്ലാസ്സ് ഉൾപ്പെടെ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം-I

| ജില്ല | സ്കൂളുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 6 |
| കൊല്ലം | 3 |
| ആലപ്പുഴ | 2 |
| കോട്ടയം | 5 |
| എറണാകുളം | 2 |
| മലപ്പുറം | 6 |
| കോഴിക്കോട് | 4 |
| വയനാട് | 2 |
| കണ്ണൂർ | 2 |
| കാസറഗോഡ് | 4 |

അനുബന്ധം - 2

Kerala ( Total Sanctioned School- 36- All Two section Schools)

List of sanctioned 36 Schools as per RMSA Norms in Year 2010-11

| S.NO | DISTRICT | BLOCK | NAME OF SCHOOL TO BE UP GRADED |
|---|---|---|---|
| 1 | Thiruvananthapuram | Vithura | GOVT UPS CHETTACHAL |
| 2 | Thiruvananthapuram | Peringamala | GOVT UPS JAWAHAR COLONY |
| 3 | Thiruvananthapuram | Kilimanoor | GOVT UPS PONGANADU |
| 4 | Thiruvananthapuram | Chirayinkeezhu | GOVT. UPS, KUDAVOORKONAM |
| 5 | Thiruvananthapuram | Chirayinkeezhu | GOVT. UPS AYILAM |
| 6 | Thiruvananthapuram | Vellanad | Govt.UPS UTHARAMCODE ERUVELI |
| 7 | Kollam | Vettikkavala | GUPS THALACHIRA |
| 8 | Kollam | Vettikkavala | GOVT. UPS CHAKKUVARAKKAL |
| 9 | Kollam | Chavara | ASUPS PUTHENTHURA |
| 10 | Alappuzha | Purakkad | GUPS, NALUCHIRA |
| 11 | Alappuzha | Chengannur | MUHAMMADENS GUPS KOLLAKKADAVU |
| 12 | Kottayam | Koruthode | GOVT.U.P.S., PANACKACHIRA |
| 13 | Kottayam | Kanjirapally | GOVT. U.P SCHOOL,KAPPADU |
| 14 | Kottayam | Kanjirapally | GOVT. TRIBAL UPS KOMBUKUTHY |
| 15 | Kottayam | Kanjirapally | GOVT. WELFARE UPS KOOVAKKAVU |
| 16 | Kottayam | Pallam | GUPS VADAVATHUR |
| 17 | Ernakulam | Angamali | GUPS PALISSERY |
| 18 | Ernakulam | North Paravoor | GUPS THATHAPILLY |
| 19 | Malappuram | Edappatta | GUPS EDAPPATTA |
| 20 | Malappuram | Edavanna | GMUPS THUVVAKKAD |
| 21 | Malappuram | Perinthalmanna | GUPS KAPPU |
| 22 | Malappuram | Nilambur | GUPS MUNDERI |
| 23 | Malappuram | Wandoor | GUPS KAPPIL KARAD |
| 24 | Malappuram | Urangattiri | GUPS VETTILAPPARA |
| 25 | Kozhikkode | Panthalayini | GUPS VANMUGHAM |
| 26 | Kozhikkode | Perambra | GUPS PERAMBRA PLANTATION |
| 27 | Kozhikkode | Koothali | GOVT. U.P.S, VENGAPPATTA |
| 28 | Kozhikkode | Kavilumpara | GUPS KAVILUMPARA |
| 29 | Wayanad | Mananthavadi | GUPS VARAMBETTA |
| 30 | Wayanad | Meppadi | GUPS THRIKKEPATTA |
| 31 | Kannur | Kurumathur | GUPS KALLIKKADAVU |
| 32 | Kannur | Alakkode | GUPS RAYROME |
| 33 | Kasargode | Madikkai | GUPS KANHIRAPOIL |
| 34 | Kasargode | Pullur-Periya | GUPS PULLUR ERIYA |
| 35 | Kasargode | Puthige | GSBS SOORAMBIAL |
| 36 | Kasargode | Kasargode | KUTTIKKOL (New School) |